ന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അതിനുശേഷം ഇ-ഫയലിംഗിനുള്ള നടപടികൾ തുടരും. തൊഴിലഡിസ്ഥിത ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ ഇ-ഫയലിംഗ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുകയും പ്രസ്തുത പദ്ധതിയുടെ സോഫ്റ്റ്വെയർ കമ്പ്യൂട്ടർ സിസ്റ്റത്തിൽ ഇൻസ്റ്റാൾ ചെയ്യുകയും സെക്ഷൻ തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഇ-ഫയലിംഗിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

ഭക്ഷ്യ ധാന്യങ്ങളുടെ ദുരുപയോഗം

30 (*570) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാവപ്പെട്ടവർക്ക് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങൾ വൻതോതിൽ ദുരുപയോഗം ചെയ്യപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഉയർന്ന ഉല്പാദനച്ചെലവുള്ള ഭക്ഷ്യ ധാന്യങ്ങൾ സബ്സിഡി നൽകി വിതരണം ചെയ്യുമ്പോൾ അത് അർഹരായവരിൽ എത്താതിരിക്കാൻ ശ്രമിക്കുകയും, അവരുടെ പേരിൽ കൂടുതൽ ധാന്യങ്ങൾ വിതരണശൃംഖലയിൽ എത്തിച്ച് മറിച്ചു വിറ്റ് വൻലാഭം കൊയ്യുകയും ചെയ്യുന്ന മാഫിയ സംസ്ഥാനത്തുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അർഹരായവർക്ക് മാത്രം സബ്സിഡി നിരക്കിലെ ഭക്ഷ്യ ധാന്യങ്ങളും, പഞ്ചസാര, മണ്ണെണ്ണ എന്നിവയും കൃത്യമായും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനും, അനർഹരുടെ പേരിലെ ധാന്യം വൻതോതിൽ മറിച്ചുവിറ്റ് കൊള്ളലാഭം നേടുന്നത് തടയാനും, ഫലപ്രദമായ നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് തടയുന്നതിന് സംസ്ഥാന തലത്തിൽ ഒരു വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും ഫർക്ക തലത്തിൽ റേഷനിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിലും പരിശോധനകൾ, റെയ്ഡുകൾ എന്നിവ നടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. എഫ്.സി.ഐ.യിൽ നിന്നുള്ള ഭക്ഷ്യധാന്യങ്ങളുടെ ഉപഭോക്താക്കളിലേക്കുള്ള നീക്കം നിരീക്ഷിക്കുക, ഉപഭോക്താവിന്റെ അറിയാനുള്ള അവകാശത്തെ ശക്തിപ്പെടുത്തുക മുതലായ ലക്ഷ്യത്തോടുകൂടി വെബ് അടിസ്ഥാന മാക്കിയുള്ള എസ്.എം.എസ്. അലർട്ട് സംവിധാനമായ എഫ്.എം.പി.ഡി.എസ്. (ഫുഡ് ഗ്രെയിൻ മൂവ്മെന്റ് ഫോർ ഇഫക്ടീവ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പൊതു വിതരണ സമ്പ്രദായം സുതാര്യവും കുറ്റമറ്റതായും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്ത് ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ പ്രവർത്തിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു. കൂടാതെ ഉപഭോക്താക്കളുടെ പരാതികൾ വിളിച്ചറിയിക്കുന്നതിനായി 1800-425-1550, 1967 എന്നീ ടോൾ ഫ്രീ നമ്പരുകളും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അർഹരായവർക്ക് മാത്രം സബ്സിഡി നിരക്കിലെ ഭക്ഷ്യ ധാന്യങ്ങളും, പഞ്ചസാര, മണ്ണെണ്ണ എന്നിവയും കൃത്യമായും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എഫ്.സി.ഐ. മുതൽ ചില്ലറ വില്പന കേന്ദ്രം വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അയാൾക്ക് അനുവദിക്കപ്പെട്ട ഭക്ഷ്യധാന്യങ്ങൾ കൃത്യമായതോതിൽ നല്കുന്നതിന് സംവിധാനം ഏർപ്പെടുത്തുന്ന കാര്യവും പരിഗണിക്കുന്നുണ്ട്. റേഷൻ കടകളിൽ ഗുണഭോക്താക്കളുടെ ക്രയവിക്രയങ്ങൾക്ക് ഓൺലൈൻ സിസ്റ്റത്തിലൂടെ ലഭ്യമാകുന്ന ബില്ലുകളിൽ ഭക്ഷ്യധാന്യങ്ങളുടെ കൃത്യമായ അളവ്, തുക്കം, വില എന്നിവ രേഖപ്പെടുത്തി യിട്ടുണ്ടാകും. അങ്ങനെ അനർഹരുടെ പേരിലെ ധാന്യം വൻതോതിൽ മറിച്ചുവിറ്റ് കൊള്ളലാഭം തേടുന്നത് തടയുവാനും പൊതുവിതരണ ശൃംഖല കൂടുതൽ സുതാര്യമാക്കുന്നതിനും സാധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly